പത്രക്കുറിപ്പ്
28-11-2018

**റീസർജന്റ് കേരള ലോൺ സ്കീം: വായ്പാ വിതരണം ഊർജിതമാകുന്നു**

# സംസ്ഥാനത്ത് അർഹരായ കുടുംബശ്രീ അംഗങ്ങൾക്ക് ഇതുവരെ പലിശരഹിത വായ്പയായി നൽകിയത് 337 കോടി രൂപ

തിരുവനന്തപുരം: പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന കുടുംബശ്രീ അംഗങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ പലിശരഹിത വായ്പായി ലഭിക്കുന്ന റീസർജന്റ് കേരള ലോൺ സ്കീം പദ്ധതി ഊർജിതമാകുന്നു. പദ്ധതി പ്രകാരം സംസ്ഥാനത്ത് അർഹരായ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 337 കോടി രൂപയാണ് ഇതുവരെ വായ്പയായി നൽകിയത്. സംസ്ഥാനത്തെ സി.ഡി.എസുകൾ മുഖേന 21200 അയൽക്കൂട്ടങ്ങളുടെ വായ്പാ അപേക്ഷകൾ ഇതുവരെ ബാങ്കുകളിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്നും 6358 അയൽക്കൂട്ടങ്ങളുടെ അപേക്ഷകൾക്ക് ബാങ്കുകൾ വായ്പ അനുവദിച്ചു. ഇതുവഴി 39770 ഗുണഭോക്താക്കൾക്ക് വായ്പയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുകയാണ്.

പദ്ധതി പ്രകാരം സംസ്ഥാനത്തെ അയൽക്കൂട്ടങ്ങൾ സമർപ്പിച്ച അപേക്ഷകളിൻ മേൽ **997** കോടി രൂപയാണ് വായ്പയായി വേണ്ടത്. ഇതിൽ നിന്നാണ് ഇപ്പോൾ **337** കോടി രൂപ വായ്പയായി അനുവദിച്ചത്. ഇതു വരെ ഏറ്റവും കൂടുതൽ വായ്പ അനുവദിച്ച ജില്ല എറണാകുളമാണ്. ജില്ലയിലെ വിവിധ ബാങ്കുകൾ മുഖേന അയൽക്കൂട്ടങ്ങൾക്ക് 146 കോടി രൂപയാണ് വായ്പയായി അനുവദിച്ചത്. 89 കോടി രൂപ വായ്പ അനുവദിച്ച് തൃശൂർ ജില്ലയാണ് രണ്ടാമത്. അർഹരായ എല്ലാ അംഗങ്ങൾക്കും വായ്പ ലഭ്യമാക്കുന്നതിനുള്ള ഫീൽഡ്തല നടപടികളും പൂർത്തിയായി വരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അതത് ജില്ലാമിഷനുകളാണ് നേതൃത്വം വഹിക്കുക.

പ്രളയക്കെടുതികൾ മൂലം ഗൃഹോപകരണങ്ങൾ നഷ്ടമായ അയൽക്കൂട്ട വനിതകൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും ചെറിയതോതിൽ ഉപജീവന മാർഗങ്ങൾ കണ്ടെത്തുന്നതിനുമാണ് വായ്പ അനുവദിക്കുന്നത്. അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്ക് വായ്പാ തുക ഉപയോഗിച്ച് കുടുംബശ്രീയുടെ ഡിസ്ക്കൗണ്ട് പർച്ചേസ് സ്കീം പ്രകാരം കുടുംബശ്രീയുമായി ധാരണാപത്രം ഒപ്പു വച്ച പതിനഞ്ച് കമ്പനികളിൽ നിന്നും അമ്പതു ശതമാനം വരെ വിലക്കുറവിൽ നാനൂറോളം വ്യത്യസ്ത ഉൽപന്നങ്ങൾ തങ്ങളുടെ ആവശ്യമനുസരിച്ച് വാങ്ങാനാകും.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**